(ഡി) 1991-92 വർഷത്തിൽ കോട്ടയം ജില്ലയിൽപ്പെട്ട കോട്ടയം പൊൻകുന്നം എന്നീ സോഷ്യൽ ഫോറസ്ട്രി യൂണിറ്റുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഹരിജൻ, ഗിരിജൻ കോളനികളിൽ കുരുമുളകുവള്ളികൾ, മഞ്ചാടി തൈകൾ മുതലായവ നട്ടുകൊടുക്കുന്നതിനും വിതരണം നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ കോട്ടയം ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന മറ്റു ജോലികളും ചെയ്യിപ്പിക്കുന്നതാണ്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ടി പ്രദേശത്ത് ഹരിജൻ ഗിരിജൻ കോളനികളിൽ കുരുമുളക് വള്ളികൾ സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ നട്ടു കൊടുത്തിട്ടുണ്ട്. കൂടാതെ മുക്കട സെറ്റിൽമെന്റിൽ ഒരു കമ്മ്യൂണിറ്റി ഹാളും നിർമ്മിച്ചിട്ടുണ്ട്.

വനോൽപ്പന്നങ്ങളിൽ നിന്നും ലഭിച്ച വരുമാനം

62. [2361] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1990-91 വർഷത്തിൽ സംസ്ഥാനത്തെ വനോൽപ്പന്നങ്ങളിൽ നിന്നും എന്തു തുക വരുമാനമായി ലഭിച്ചു ?

ഉത്തരം

1991 ജനുവരി 31 വരെ 2743.02 ലക്ഷം രൂപ.

ചന്ദനമരത്തിന്റെ സംരക്ഷണം

63. [2362] ശ്രീ. സി. പി. നാരായണൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, എ. കുഞ്ഞിരാമൻ :
,, ടി. കെ അബുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിലെ വിലപിടിപ്പുള്ളതും അപൂർവ്വങ്ങളുമായ മരങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ചന്ദനമരത്തിന്റെ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(സി) കേരളത്തിൽ ചന്ദനമരം ഏറ്റവും കൂടുതലുള്ളതെവിടെയാണ് ;

(ഡി) ചന്ദനത്തടിയിൽ നിന്നും സർക്കാരിന് ഒരു വർഷം എന്തു തുക ലഭിക്കുന്നുണ്ട്?

ഉത്തരം

(എ) പ്രകൃതിദത്ത വനങ്ങളിൽ മരംമുറി പൂർണ്ണമായും നിരോധിച്ചു. കാട്ടുതീയിൽ നിന്നും മോഷണത്തിൽ നിന്നും വൃക്ഷങ്ങൾക്ക് സംരക്ഷണം നൽകുവാൻ പ്രതിരോധ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അഗസ്ത്യവനത്തിൽ ഒരു ബയോളജിക്കൽ പാർക്കും

LIBRARY ARCHIVES Kerala Legislative Assembly